# ഏലൂർ നഗരസഭ
# കൗൺസിൽ യോഗ നോട്ടീസ്

**G2-347/11**

മാന്യ മിത്രമെ,

ഏലൂർ നഗരസഭാകൗൺസിലിന്റെ ഒരു കൗൺസിൽ യോഗം **22.12.2017 വെള്ളിയാഴ്ച രാവിലെ 11.00-ന്** താഴെ പറയുന്ന അജണ്ടകൾ പരിഗണിക്കുന്നതിനായി കൗൺസിൽ ഹാളിൽ വച്ച് ചേരുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. താങ്കൾ കൃത്യ സമയത്ത് പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നു.

**മുനിസിപ്പൽ ചെയർപേഴ്സൺ**

**എല്ലാ കൗൺസിൽ അംഗങ്ങൾക്കും**
**പകർപ്പ് : നോട്ടീസ് ബോർഡ്, എല്ലാ വകുപ്പു തലവന്മാർക്കും.**

**അജണ്ട:** 1

H1-1120/17

വിഷയം : നഗരസഭയിൽ മുനിസിപ്പൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റിന്റെ ഭാഗമായി DPR തയ്യാറാക്കുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ 5 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. ടി ടെണ്ടർ നടപടികൾ കൗൺസിൽ അംഗീകാരത്തിനായി

കുറിപ്പ് :
1. വിശദമായ ടാബുലേഷൻ സ്റ്റേറ്റുമെന്റ് പ്രത്യേകം സമർപ്പിക്കുന്നതാണ്.
2. 2018 ഫെബ്രുവരി 1-നു മുമ്പേ ഡി പി ആർ തയ്യാറാക്കി കൗൺസിൽ അംഗീകാരവും ശുചിത്വമിഷൻ അംഗീകാരവും വാങ്ങേണ്ടതുണ്ട്.
3. DPR-ന്റെ അടിസ്ഥാനത്തിൽ മാത്രമെ ശുചിത്വ മേഖലക്കുള്ള കേന്ദ്ര ഗവൺമെന്റ് ഫണ്ടുകൾ തുടർന്നും ലഭിക്കുകയുള്ളൂ

**അജണ്ട:** 2.

H1-11735/17

വിഷയം : നാഷണൽ അർബൻ സാനിറ്റേഷൻ പോളിസിയുടെ ഭാഗമായി എല്ലാ നഗരസഭകളും സിറ്റി സാനിറ്റേഷൻ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. ആയതിന് എഞ്ചിനീയർക്കും ഹെൽത്ത് ഇൻസ്പെക്ടർക്കും പരിശീലന പരിപാടി കില-യിൽ സംഘടിപ്പിച്ചിരുന്നു. ടി. പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി നഗരത്തിലെ Stake holders-ന്റെ യോഗം കൂടി CSTF (City sanitation Task Force) രൂപീകരിക്കേണ്ടതുണ്ട്. വിഷയം കൗൺസിൽ പരിഗണനയ്ക്കായി

കുറിപ്പ് :
1. DPR തയ്യാറാക്കുന്നതിന് സിറ്റി സാനിറ്റേഷൻ പ്ലാൻ അനിവാര്യമാണ്.
2. 2018 ഫെബ്രുവരി 1-നു മുമ്പേ സിറ്റി സാനിറ്റേഷൻ പ്ലാൻ തയ്യാറാക്കി ശുചിത്വ മിഷൻ അംഗീകാരം വാങ്ങേണ്ടതുണ്ട്.

**അജണ്ട: 3.**

G1/PW2-5560/17

വിഷയം : 19.12.2017 തീയതിയിലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള തുടർ ചർച്ചകൾ.

**അജണ്ട: 4.**

PW2-7545/17

വിഷയം : ഏലൂർ നഗരസഭ – 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന " കുറ്റിമാക്കൽ റോഡ് ടൈൽ വിരിയ്ക്കലും, ചപ്പാത്ത് പണിയലും (S0182/18) " എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാത്ത വിധത്തിൽ ടി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന വിഷയം കൗൺസിൽ അംഗീകാരത്തിനായി

കുറിപ്പ് :
1. 19.12.2017 തീയതിയിലെ പൊതുമരാമത്ത് കമ്മറ്റി ടി വിഷയം അംഗീകരിച്ചിട്ടുണ്ട്.
2. ടി. പ്രവൃത്തിയ്ക്കായി CFC വിഹിതം 3,10,000/- രൂപയും Own Fund–ൽ നിന്ന് 40,000/- രൂപയും ഉൾപ്പെടെ ആകെ 3,50,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

**അജണ്ട: 5**

PW2-2046/17

വിഷയം : ഏലൂർ നഗരസഭ – 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന " എസ്. സി കോളനി അങ്കണവാടിക്ക് അരികിലുള്ള റോഡ് ടൈൽ വിരിയ്ക്കൽ (S0271/17) " എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാത്ത വിധത്തിൽ ടി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന് വിഷയം കൗൺസിൽ അംഗീകാരത്തിനായി

കുറിപ്പ് :
1. 19.12.2017 തീയതിയിലെ പൊതുമരാമത്ത് കമ്മറ്റി ടി വിഷയം അംഗീകരിച്ചിട്ടുണ്ട്.
2. ടി. പ്രവൃത്തിയ്ക്കായി SCP വിഹിതം 2,29,050/- രൂപ വകയിരുത്തിയിട്ടുണ്ട്.

**അജണ്ട: 6**

PW2-8189/17

വിഷയം : ഏലൂർ നഗരസഭ – 2017-18 സാമ്പത്തിക വർഷത്തെ വിവിധ പൊതുമരാമത്ത് പ്രവൃത്തികൾക്കായി ടെണ്ടർ/റീ–ടെണ്ടർ/ഇ–ടെണ്ടർ ക്ഷണിച്ചതിൽ നിന്നും ലഭിച്ചിരിക്കുന്ന ടെണ്ടറുകൾ അംഗീകരിക്കുന്ന വിഷയം കൗൺസിൽ മുമ്പാകെ

കുറിപ്പ് : 19.12.2017 തീയതിയിലെ പൊതുമരാമത്ത് കമ്മറ്റി ടി വിഷയം അംഗീകരിച്ചിട്ടുണ്ട്.